**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1396** **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ട ശൗചാലയങ്ങളും വിശ്രമമുറികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒരു സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ട ശൗചാലയം, വിശ്രമമുറികൾ എന്നിവ സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 16.09.2015–ലെ ജി.ഒ(പി) നം.134/ 15/തൊഴിൽ നമ്പരായി പുറപ്പെടുവിച്ച 2015 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ചട്ടങ്ങളിൽ, ചട്ടം 5Aയിലെ 1 മുതൽ 8 വരെ ഉപചട്ടങ്ങൾ പ്രകാരം തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയ് ലറ്റ് സംവിധാനം, എന്നിവയെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ഉപചട്ടം 1 പ്രകാരം, ഓരോ വല്യതും ഇടത്തരവുമായ സ്ഥാപനങ്ങളുടെ ഉടമകൾ, അവിടെ ജോലിചെയ്യുന്ന തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി അവർക്ക് ഭക്ഷണം കഴിക്കുവാനും വിശ്രമിക്കുവാനും ആവശ്യമായ സ്ഥലസൗകര്യമുള്ള മുറികൾ ഏർപ്പെടുത്തേണ്ടതാണ്. ഉപചട്ടം 2 ൽ വിശ്രമമുറികൾ ആവശ്യത്തിന് വെളിച്ചവും വായുസഞ്ചാരമുള്ളതും ആയിരിക്കണമെന്നും വൃത്തിയായും നല്ല സ്ഥിതിയിലും പാലിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ഉപചട്ടം 3 പ്രകാരം വിശ്രമ മുറികൾ സൗകര്യപ്രദമാകത്തക്കവിധം സ്ഥാപനത്തിനടുത്ത് തന്നെ ആയിരിക്കേണ്ടതാണ്. ഉപചട്ടം 4ൽ, വനിതാ ജീവനക്കാരുടെ എണ്ണം 5 ൽ അധികരിക്കുകയാണെങ്കിൽ അവർക്ക് പ്രത്യേക വിശ്രമമുറിയും വ്യക്തി ശുചിത്വം നിലനിർത്തുന്നതിനും ഉപയോഗിച്ച സാനിട്ടറി നാപ്കിനുകൾ നശിപ്പിക്കുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഉപചട്ടം 5 പ്രകാരം ഓരോ വിശ്രമ മുറികളും ഇരിക്കുന്നതിനായി ചാരു പടിയുള്ള കസേരകളോ മതിയായ ബഞ്ചുകളോ സഹിതം ആവശ്യാനുസരണം സജ്ജീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഉപചട്ടം 6 ൽ വിശ്രമമുറികളിൽ |

| | | | |
|---|---|---|---|
| | | | ശുദ്ധമായ കുടിവെള്ളം, ശുദ്ധവായു, സ്വാഭാവികവും അല്ലാത്തതുമായ വെളിച്ചം എന്നിവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഉപചട്ടം 7 പ്രകാരം വിശ്രമമുറികളിൽ ജീവനക്കാർക്ക് ഭക്ഷണം കഴിക്കുവാൻ സൗകര്യപ്രദമായ മേശകൾ നൽകണമെന്ന് വ്യവസ്ഥചെയ്യുന്നു. ഉപചട്ടം 8 ൽ ഓരോ ഇരുപത് തൊഴിലാളികൾക്ക് ഒന്ന് എന്ന രീതിയിൽ വിശ്രമമുറിയോടനുബന്ധിച്ച് ശൗചാലയങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശൗചാലയങ്ങൾ ഏർപ്പെടുത്തണമെന്നും അവ ആവശ്യാനുസരണം വെളിച്ചവും വൃത്തിയുള്ളതുമായി സൂക്ഷിക്കേണ്ടതുമാണെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. |
| (ബി) | 1961-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങൾ അനുസരിച്ച് കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും വേണ്ട ശൗചാലയങ്ങളും വിശ്രമമുറികളും സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | 16.09.2015–ലെ ജി.ഒ(പി) നം.134/ 15/തൊഴിൽ നമ്പരായി പുറപ്പെടുവിച്ച 2015 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ചട്ടങ്ങളിൽ, ചട്ടം 5Aയിലെ 1 മുതൽ 8 വരെ ഉപചട്ടങ്ങൾ പ്രകാരം തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയ് ലറ്റ് സംവിധാനം, എന്നിവയെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ഉപചട്ടം 1 പ്രകാരം, ഓരോ വലുതും ഇടത്തരവുമായ സ്ഥാപനങ്ങളുടെ ഉടമകൾ, അവിടെ ജോലിചെയ്യുന്ന തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി അവർക്ക് ഭക്ഷണം കഴിക്കുവാനും വിശ്രമിക്കുവാനും ആവശ്യമായ സ്ഥലസൗകര്യമുള്ള മുറികൾ ഏർപ്പെടുത്തേണ്ടതാണ്. ഉപചട്ടം 2 ൽ വിശ്രമമുറികൾ ആവശ്യത്തിന് വെളിച്ചവും വായുസഞ്ചാരമുള്ളതും ആയിരിക്കണമെന്നും വൃത്തിയായും നല്ല സ്ഥിതിയിലും പാലിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ഉപചട്ടം 3 പ്രകാരം വിശ്രമ മുറികൾ സൗകര്യപ്രദമാകത്തക്കവിധം സ്ഥാപനത്തിനടുത്ത് തന്നെ ആയിരിക്കേണ്ടതാണ്. ഉപചട്ടം 4ൽ, വനിതാ ജീവനക്കാരുടെ എണ്ണം 5 ൽ അധികരിക്കുകയാണെങ്കിൽ അവർക്ക് പ്രത്യേക വിശ്രമമുറിയും വ്യക്തി ശുചിത്വം നിലനിർത്തുന്നതിനും ഉപയോഗിച്ച സാനിട്ടറി നാപ്കിനുകൾ നശിപ്പിക്കുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഉപചട്ടം 5 പ്രകാരം ഓരോ വിശ്രമ മുറികളും ഇരിക്കുന്നതിനായി ചാരു പടിയുള്ള കസേരകളോ മതിയായ ബഞ്ചുകളോ സഹിതം ആവശ്യാനുസരണം സജ്ജീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഉപചട്ടം 6 ൽ വിശ്രമമുറികളിൽ ശുദ്ധമായ കുടിവെള്ളം, ശുദ്ധവായു, സ്വാഭാവികവും |

| | | | |
|---|---|---|---|
| | | | അല്ലാത്തതുമായ വെളിച്ചം എന്നിവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഉപചട്ടം 7 പ്രകാരം വിശ്രമമുറികളിൽ ജീവനക്കാർക്ക് ഭക്ഷണം കഴിക്കുവാൻ സൗകര്യപ്രദമായ മേശകൾ നൽകണമെന്ന് വ്യവസ്ഥചെയ്യുന്നു. ഉപചട്ടം 8 ൽ ഓരോ ഇരുപത് തൊഴിലാളികൾക്ക് ഒന്ന് എന്ന രീതിയിൽ വിശ്രമമുറിയോടനുബന്ധിച്ച് ശൗചാലയങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശൗചാലയങ്ങൾ ഏർപ്പെടുത്തണമെന്നും അവ ആവശ്യാനുസരണം വെളിച്ചവും വൃത്തിയുള്ളതുമായി സൂക്ഷിക്കേണ്ടതുമാണെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയമ വ്യവസ്ഥ എല്ലാ കടകളും കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം, തൊഴിലാളികളിൽ നിന്ന് പരാതി ലഭിക്കുന്ന മുറയ്ക്കും കൂടാതെ Central Inspection System ൽ ഷെഡ്യൂൾ ചെയ്തും നടത്തുന്ന സ്ഥാപന പരിശോധനകളിൽ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്. |
| (ഡി) | എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ ശൗചാലയങ്ങളും വിശ്രമമുറികളും ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താത്ത സ്ഥാപന ഉടമകൾക്ക് നിയമലംഘനം സംബന്ധിച്ച് നോട്ടീസ് നൽകി ആയത് പരിഹരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ